**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 419** **14-03-2023 - ൽ മറുപടിയ്ക്ക്**

**മെഡിക്കൽ വാല്യൂ ടൂറിസം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി സി. കെ. ആശ,<br>ശ്രീ വി ശശി,<br>ശ്രീ ജി എസ് ജയലാൽ ,<br>ശ്രീ. വാഴൂർ സോമൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ, മെഡിക്കൽ വാല്യൂ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിന് ആരോഗ്യ, വിനോദസഞ്ചാര വകുപ്പുകൾ യോജിച്ച് പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതൽ പ്രാധാന്യമർഹിക്കുന്ന ഒരു മേഖലയാണ് മെഡിക്കൽ ടൂറിസം . നമ്മുടെ നാട് സന്ദർശിക്കുന്ന വിനോദ സഞ്ചാരികളുടെ പ്രധാന ആകർഷണമാണ് ആയുർവേദം . വിവിധ ചികിത്സകൾക്കായി കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികൾ ചികിത്സയ്ക്ക് ശേഷം വിനോദസഞ്ചാരകേന്ദ്രങ്ങൾ കൂടി സന്ദർശിക്കുന്നത് ടൂറിസത്തെ സംബന്ധിച്ചിടത്തോളം ഗുണകരമാണ് .മെഡിക്കൽ ടൂറിസം രംഗത്തെ കേരളത്തിന്റെ മികവ് സംബന്ധിച്ച് പ്രചാരണം നടത്തേണ്ടതിനാൽ ആരോഗ്യ- ടൂറിസം വകുപ്പുകൾ സഹകരിച്ച് സംസ്ഥാനത്തെ മെഡിക്കൽ വാല്യൂ ടൂറിസം ഹബ്ബാക്കി മാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആലോചിക്കുന്നുണ്ട് .<br><br>ഒരു ടൂറിസം ഉത്പന്നം എന്ന നിലയിൽ ആയുർവേദത്തിന് വിനോദസഞ്ചാരികൾക്കിടയിൽ പ്രചാരം നൽകാൻ നിരവധി നടപടികൾ ടൂറിസം വകുപ്പ് സ്വീകരിച്ചിട്ടുണ്ട് . ഇതിന്റെ ഭാഗമായി കേരള ടൂറിസം പങ്കെടുക്കുന്ന വിദേശ- ആഭ്യന്തര ടൂറിസം ഫെയറുകളിൽ ആയുർവേദത്തെ പ്രത്യേക തീം ആയി എടുത്ത് സ്റ്റാളുകൾ ഒരുക്കാറുണ്ട് . കൂടാതെ ആയുർവേദത്തിന്റെ പ്രചരാണർത്ഥം പ്രത്യേക ബ്രോഷറുകൾ തയ്യാറാക്കുകയും പ്രത്യേക വീഡിയോകൾ നിർമ്മിച്ച് സഞ്ചാരികൾക്കിടയിൽ പ്രചരണം നൽകുകയും ചെയ്തുവരുന്നു . ടൂറിസം വകുപ്പ് നടപ്പാക്കിയ ആയുർവേദ കേന്ദ്രങ്ങൾക്കുള്ള ക്ലാസ്സിഫിക്കേഷൻ പദ്ധതിയും സംസ്ഥാനത്ത് ഹെൽത്ത് ടൂറിസം വികസനം ലക്ഷ്യമിട്ട് നടപ്പാക്കിയിട്ടുള്ളതാണ് . |

| | | | |
|---|---|---|---|
| | | | ആയുർവേദം കൂടാതെ മോഡേൺ മെഡിസിന്റെ ഭാഗമായി ധാരാളം വിദേശികൾ ഉൾപ്പെടെ സഞ്ചാരികൾ കേരളത്തിൽ എത്തിച്ചേരുന്നുണ്ട്<br><br>ഭാരതീയ ചികിത്സ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളെ വെൽനെസ്സ് സെന്ററുകളാക്കി ഉയർത്തുന്നതിനുള്ള നടപടികൾ ആരോഗ്യ വകുപ്പ് സ്വീകരിച്ചു വരുന്നുണ്ട് . 2023- 24 സാമ്പത്തിക വർഷം ആരോഗ്യ ടൂറിസത്തിന്റെ പ്രൊമോഷനും നിയന്ത്രണവും ഗവേഷണവും വികസനവും ലക്ഷ്യമിട്ട് 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട് . |
| (ബി) | ആതുര സേവന രംഗത്ത് മികച്ച നിലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ ശ്രേണിയെ സംസ്ഥാനത്തിന്റെ മികച്ച ടൂറിസം പ്രോഡക്ടായി അവതരിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ; | (ബി) | കോവിഡ് മഹാമാരിക്ക് ശേഷം ആയുർവേദ ചികിത്സ ഉൾപ്പെടെ ലക്ഷ്യമിട്ട് ധാരാളം വിനോദസഞ്ചാരികൾ കേരളത്തിലേക്ക് വരുന്നുണ്ട് . അതുകൊണ്ടുതന്നെ ഈ നിലയിലുള്ള പ്രചരണങ്ങളും ടൂറിസം വകുപ്പ് നടത്തുന്നുണ്ട് .<br><br>ടൂറിസം കേന്ദ്രങ്ങളിൽ സ്ഥിതി ചെയ്യുന്ന ആയുഷ് വകുപ്പിന് കീഴിലുള്ള സ്പെഷ്യാലിറ്റി ഇൻസ്റ്റിറ്റ്യൂട്ടുകളും മികച്ച സൗകര്യങ്ങളുള്ള ആരോഗ്യ സ്ഥാപനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ഈ മേഖലയിലെ മികച്ച പ്രോഡക്ടായി അവതരിപ്പിക്കുന്നതിന് സാധിക്കുന്നതാണ് . ഭാരതീയ ചികിത്സാ  വകുപ്പിന്റെ 818 ഡിസ്പെൻസറികളും 130 ആശുപത്രികളും ടൂറിസം പ്രോഡക്ട് ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഭാരതീയ ചികിത്സാ വകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട സ്ഥാപനങ്ങളിൽ ഹെൽത്ത് ടൂറിസം നടപ്പിലാക്കുന്നതിന്റെ ഭാഗമായി 2023-24 ബഡ്ജറ്റിൽ ഫണ്ട് വകയിരുത്തിയിട്ടുണ്ട് . |
| (സി) | പൊതു, സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ അധീനതയിലുള്ള സ്പെഷ്യാലിറ്റി ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും മെഡിക്കൽ ടൂറിസം പ്രോജക്ടുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | പൊതു - സ്വകാര്യ പങ്കാളിത്തത്തോടുകൂടി സർക്കാർ അധീനതയിലുള്ള വിവിധ സ്ഥാപനങ്ങളിൽ മെഡിക്കൽ ടൂറിസം പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സാധ്യത സർക്കാർ പരിശോധിച്ചു വരികയാണ്. |
| (ഡി) | സ്വകാര്യ ആശുപത്രികൾ മെഡിക്കൽ വാല്യൂ ടൂറിസം പ്രോജക്ടിന്റെ ഭാഗമാക്കുന്നതിന് നിബന്ധനകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (ഡി) | മെഡിക്കൽ സ്വകാര്യ ആശുപത്രികൾ മെഡിക്കൽ വാല്യൂ ടൂറിസം പ്രോജക്ടിന്റെ ഭാഗമാക്കുന്നതിനുള്ള കൃത്യമായ നിബന്ധനകൾ കേന്ദ്ര സർക്കാർ പുറത്തിറക്കിയിട്ടുണ്ട്. NABH അക്രഡിറ്റേഷൻ വേണമെന്നതാണ് ഏറ്റവും അടിസ്ഥാനപരമായ യോഗ്യത. |

സെക്ഷൻ ഓഫീസർ